**പോബ്സൻ ഗ്രൂപ്പിന്റെ കയ്യിൽനിന്നും സർക്കാർ ഏറ്റെടുത്ത നെല്ലിയാമ്പതിയിലെ തൂത്തംപാറ എസ്റ്റേറ്റ് പോബ്സനുതന്നെ കൈമാറാനുള്ള നീക്കങ്ങൾ നടക്കുന്നു. പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി മുൻ പാട്ടക്കാർക്ക് തിരിച്ച് നല്കാനുള്ള ശ്രമത്തിനുപിന്നിൽ വൻതിരിമറിയാണ് സർക്കാർ തലത്തിൽ നടന്നിരിക്കുന്നത്.**

# തൂത്തംപാറ കൈമാറാൻ ഗൂഢനീക്കം

ഡോ. പി.എസ്. പണിക്കർ



പരിസ്ഥിതി പ്രവർത്തകരുടെയും മാധ്യമങ്ങളുടെയും നീണ്ട പോരാട്ടത്തിനൊടുവിൽ 2007 ജൂലൈ 11ന് പാട്ടക്കാലാവധി കഴിഞ്ഞ നെല്ലിയാമ്പതിയിലെ തൂത്താമ്പാറതോട്ടം (351.3 ഏക്കർ) സർക്കാർ തീരുമാന പ്രകാരം വനം വകുപ്പ് ഏറ്റെടുത്തു. എൽ.ഡി.എഫിൽ പെട്ട ചില രാഷ്ട്രീയകക്ഷികളുടെയും കുത്സിതശ്രമങ്ങളെയും അതിജീവിച്ചുകൊണ്ടായിരുന്നു ഇത്. വി.എസിന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ജനപക്ഷത്തുനിന്നുള്ള തീരുമാനം കേരളത്തിലെ പൊതുസമൂഹം സർവാത്മനാ സ്വാഗതം ചെയ്തു. 1997 ജൂലൈ 29 പ്രൊഫ. എ.വി. താമരാക്ഷൻ ചെയർമാനായ നിയമസഭാ പരിസ്ഥിതി സമിതി നെല്ലിയാമ്പതിയിലെ തോട്ടങ്ങളെപ്പറ്റി വിശദമായി പഠിച്ച്, തോട്ടങ്ങൾ കാലാവധി കഴിയുന്ന മുറക്ക് സർക്കാർ ഏറ്റെടുക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഇതിന് പൂരകമായ നിയമോപദേശവും സർക്കാരിന് ലഭിച്ചു. ഇതിനെത്തുടർന്ന് നെല്ലിയാമ്പതിയിലെ തന്നെ റോബറി, ബിയാട്രീസ്, ക്ലിഫ്വ്യു എന്നിവ യാതൊരു പ്രശ്നങ്ങളും കൂടാതെ സർക്കാർ ഏറ്റെടുത്തു. ഇപ്പോൾ ഇവ വനംവകുപ്പിന്റെ മേൽനോട്ടത്തിലാണ്. ഇവിടത്തെതന്നെ പകുതിപ്പാലം എസ്റ്റേറ്റ് കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിൽ നടത്തിവരുന്നുണ്ട്. ഇതുപോലെതന്നെ കേരളത്തിലുടനീളം നിരവധി സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

എന്നാൽ ഈ സുധീരമായ തീരുമാനത്തെ അട്ടിമറിക്കാനാണ് എൽഡിഎഫ് ഏകോപനസമിതിയുടെ കൺവീനർ വൈക്കം വിശ്വൻ ജൈവകൃഷിയുടെ പേരിൽ തൂത്തംപാറ എസ്റ്റേറ്റ് തിരിച്ച് പോബ്സണ് നൽകാനുള്ള നിർദേശം കഴിഞ്ഞ എൽഡിഎഫ് യോഗത്തിൽ അവതരിപ്പിക്കുകയും തീരുമാനം മാറ്റിവെക്കുകയുണ്ടായി. തൂത്തംപാറ പ്രശ്നം കേരളത്തിലുടനീളം വേണ്ടവണ്ണം ചർച്ച ചെയ്തതാണ്. അതിനെ തുടർന്നായിരുന്നു സർക്കാർ തീരുമാനം. അത് വ്യവസ്ഥപ്പെടുത്തിയ പ്രശ്നമാണ്. ദേശീയ, അന്തർദേശീയ പ്രശ്നങ്ങളിലൊക്കെ അത്തരം സെറ്റിൽമെന്റ് പ്രശ്നം വീണ്ടും കുത്തിപ്പൊക്കാൻ പാടില്ലെന്നത് പൊതുവേ അലംഘനീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതിന് വിരുദ്ധമാണീ നീക്കമെന്ന് പറയാതെ തരമില്ല.

തൂത്തമ്പാറ എസ്റ്റേറ്റ് ജൈവകൃഷിയുടെ പേരിൽ പോബ്സണ് വിട്ടുകൊടുക്കുകയാണെങ്കിൽ ഇതേവരെ സർക്കാർ ഏറ്റെടുത്ത റോബറി, ബിയാട്രീസ്, ക്ലിഫ്വ്യൂ, പകുതിപ്പാലം എസ്റ്റേറ്റുകൾ ഉൾപ്പെടെ നിരവധി തോട്ടങ്ങൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കുവാൻ നിർബന്ധിതമാകുമെന്ന നിയമോപദേശമുണ്ട്. മാത്രമല്ല, ഇത് ഒരു പിന്നോട്ട് പോക്കായിരിക്കും, ഒട്ടുംതന്നെ പുരോഗമനപരവുമല്ല. സാമൂഹ്യപുരോഗതിയെയും സംസ്ഥാനത്തെ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയെടുത്തിട്ടുള്ള ധീരമായ നിലപാടിന്റെ തകർച്ചയുമായിരിക്കും.

തൂത്തമ്പാറ എസ്റ്റേറ്റ് ഏറ്റെടുക്കുവാൻ തീരുമാനിച്ചതിന്റെ പുറകിൽ പാരയുമുണ്ടായിരുന്നത്രേ. തന്ത്രപരമായി അത് പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറാനായിരുന്നു തീരുമാനം. നിക്ഷിപ്ത വനഭൂമിയിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിന് കൃഷിയിറക്കാമെങ്കിൽ എന്തുകൊണ്ട് ഒരു സ്വകാര്യ സ്ഥാപന

ത്തിന് അത് ചെയ്തുകൂടാ? നിയമപരമായി ഭൂമി തിരിച്ച് വാണിജ്യാവശ്യത്തിന് സ്വകാര്യ ഉടമസ്ഥരുടെ കയ്യിൽ ചെന്നുചേരാനിട നൽകും. പ്ലാന്റേഷൻ കോർപ്പറേഷനാണെങ്കിൽ എൻഡോസൾഫാൻ പോലെയുള്ള കീടനാശിനികൾ ഉപയോഗിക്കുന്നതിന് കുപ്രസിദ്ധമാണ്. ജൈവകൃഷി നടത്തുന്ന തോട്ടം അവർക്ക് കൈമാറുന്നതിന് സ്വാഭാവികമായി എതിർപ്പുണ്ടാകും. മാത്രമല്ല, സാമ്പത്തിക കെടുകാര്യസ്ഥതക്കും നഷ്ടത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനവുമാണ് കോർപ്പറേ ഷൻ.

പറമ്പികുളത്തെ നിർദ്ദിഷ്ട കടുവ സംരക്ഷണകേന്ദ്രം 2-ൽ പെടുന്ന സ്ഥലമാണ് തൂത്തമ്പാറയെന്ന് 2006 ഒക്ടോബറിലെ വനംവകുപ്പ് ഇറക്കിയ ഉത്തരവ് (G.O.P. 443/2005) ൽ പറയുന്നുണ്ട്. റിസർവ് ഫോറസ്റ്റ് പദവി കൈവരിച്ച ഇവിടം സ്വകാര്യവ്യക്തികൾക്ക് അനുവദിച്ചുകൂടാ. കടുവ സംരക്ഷണ മേഖലയിൽ മനുഷ്യാധിവാസം പാടില്ലെന്ന് ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് മാർഗനിർദ്ദേശങ്ങൾ ചൂണ്ടുന്നു. നിർദ്ദിഷ്ട വനമേഖലയിലുള്ള ആദിവാസികളെപ്പോലും അവിടെനിന്നും മാറ്റി പുനരധിവസിപ്പിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. അപ്പോൾ പിന്നെ മനുഷ്യസാന്നിധ്യമില്ലാതെ എങ്ങനെയാണ് കൃഷിയിറക്കുവാൻ കഴിയുക?

ജൈവകൃഷിയുടെ പേരുപറഞ്ഞാണ് തൂത്തമ്പാറ എസ്റ്റേറ്റ് പോബ്സൺ തന്നെ തിരിച്ചുകൊടുക്കണമെന്ന് വാദിക്കുന്നത്. പോബ്സൺ ഇവിടെ കീടനാശിനികൾ അടിക്കുന്നതും, വിളപ്പിൽശാലയിൽനിന്ന് ഉൾപ്പടെ നഗരമാലിന്യങ്ങൾ തള്ളുന്നതും, മെർക്കുറി കുത്തിവെച്ച് മരം ഉണക്കുന്നതും മരംമുറി നടത്തുന്നതും ഒന്നും ബാഹ്യലോകം അറിയുന്നില്ല. ജൈവകൃഷിയുടെ പേരിൽ കേന്ദ്ര വാണിജ്യ സഹമന്ത്രി ജയറാം രമേശ് സംസ്ഥാന ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാൻ ശ്രമിക്കു കയും അത് വിവാദമാകുകയും ചെയ്തു. ജൈവകൃഷി എവിടെയും നടത്താം. മാത്രമല്ല ജൈവോൽപ്പന്നങ്ങൾക്ക് ഇന്ന് നല്ല മാർക്കറ്റുള്ളതുകൊണ്ട് എവ നല്ല പോലെ വിറ്റഴിക്കുകയും ചെയ്യപ്പെടും. ലോകത്തിന്റെ ഇന്നത്തെ ട്രെന്റും ജൈവകൃഷിയിലേക്കാണ്.

നിയമമനുസരിച്ച് പാട്ടക്കരാറുകാരന് കാലാവധി കഴിഞ്ഞ തോട്ടത്തിൽ ഒരവകാശവുമില്ല. പാട്ടക്കരാർ പുതുക്കുന്നത് പുതിയ കരാറിൽ ഏർപ്പെടുന്നതിന് തുല്യമാണെന്ന് സുപ്രീംകോടതി 1973-ൽ ഡൽഹി ഡെവലപ്മെന്റ് അതോറിറ്റി v/s ദുർഗ്ഗാചന്ദ് കേസിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1980-ലെ വനസംരക്ഷണ നിയമമനുസരിച്ച് പാട്ടക്കരാർ പുതുക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദവും ലഭ്യമാക്കിയിരിക്കണം.

കെ.എഫ്.ഡി.സി.യിൽ നിന്ന് പ്രതിവർഷം ഏക്കറൊന്നിന് സർക്കാർ 1500 രൂപ ഈടാക്കുമ്പോൾ കോടിക്കണക്കിന് ആദായമുണ്ടാക്കുന്ന തൂത്തമ്പാറ എസ്റ്റേറ്റ് ഏക്കറിന് വെറും രണ്ട് രൂപ മാത്രമാണ് അടയ്ക്കുന്നത്. നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകളുടെ പാട്ടത്തുക കാലോചിതമായി വർദ്ധിപ്പിക്കുകയാണെങ്കിൽ പ്രതിവർഷം 1500 കോടി രൂപയുടെ അധികവരുമാനമുണ്ടാക്കാൻ കഴിയുമെന്ന് പ്ലാനിങ്ങ് ബോർഡ് പല തവണ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അത് മൂലരേഖയായി അവശേഷിക്കുന്നു.


*ജനജാഗ്രത, തൊറപ്പാളയം, പാലക്കാട്*

## കളക്ടറേറ്റ് മാർച്ച്

തൂത്തമ്പാറ വനസംരക്ഷണസമിതി, നെല്ലിയാമ്പതി നേചറൽ ഹിസ്റ്ററി അസോസിയേഷൻ, ജനജാഗ്രതാ സമിതി, ഹരിതാ ഡവലപ്മെന്റ് അസോസിയേഷൻ, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ, ഇക്കോളജിക്കൽ ഗ്രൂപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 4-ന് രാവിലെ 10 മണിക്ക് കളക്ടറേറ്റ് മാർച്ച് നടത്തുന്നു. തൂത്തമ്പാറ എസ്റ്റേറ്റ് പോബ്സൺ ഗ്രൂപ്പിന് തിരിച്ച് നൽകാനുള്ള നീക്കം ഉപേക്ഷിക്കുക, പ്രസ്തുത തോട്ടം പ്ലാന്റേഷൻ കോർപ്പറേഷന് നൽകരുത്, പറമ്പിക്കുളം ടൈഗർ റിസർവിന്റെ കരുതൽ മേഖലയായി തൂത്തമ്പാറയെ പ്രഖ്യാപിക്കുക, വനംവകുപ്പ് നിർമ്മിച്ചിട്ടുള്ള വൈദ്യുതിവേലി നീക്കം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുമാണ് മാർച്ച് നടത്തുന്നത്. പ്രമുഖ രാഷ്ട്രീയ-സാമൂഹ്യ-പരിസ്ഥിതി പ്രവർത്തകർ സംബന്ധിക്കും.

*ബന്ധങ്ങൾക്ക് : പി.എസ്. പണിക്കർ, 919446508309*

## ഊർജ്ജസ്വരാജ്




കേരള പ്രകൃതിസംരക്ഷണ ഏകോപന സമിതിയുടെ ഉത്തരമേഖലാ കൺവെൻഷൻ, 'ഊർജ്ജസ്വരാജ്' നവംബർ അഞ്ചിന് കോഴിക്കോട് ടൗൺഹാളിൽ വച്ച് നടന്നു. അതിരപ്പിള്ളി അണക്കെട്ട് നിർമ്മാണത്തെ എതിർത്ത കൺവെൻഷൻ പുനർനവീകരിക്കാവുന്ന ഉറവിടങ്ങളിൽനിന്ന് ഊർജ്ജം ഉത്പാദിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

**ഊർജ്ജസ്വരാജ് പ്രതിജ്ഞ**

ഊർജ്ജം അമൂല്യമാണെന്നും അത് പാഴാക്കരുതെന്നും ഞങ്ങൾ തിരിച്ചറിയുന്നു. വൈദ്യുതി ഉത്പാദനത്തിനായി ഡാമുകളെയും അണുനിലയങ്ങളെയും ആശ്രയിക്കുന്നത് അപകടമാണെന്നും വികേന്ദ്രീകൃത ഊർജ്ജ ഉത്പാദനമാണ് നമ്മുടെ ലക്ഷ്യമെന്നും നാം പ്രഖ്യാപിക്കുന്നു. മനുഷ്യരടക്കമുള്ള മുഴുവൻ ജീവജാലങ്ങളുടെയും പൊതുസ്വത്താണ് പ്രകൃതി വിഭവങ്ങളെന്നും, ഒരു ചെറുന്യൂനപക്ഷത്തിന്റെ സ്വാർത്ഥ താത്പര്യങ്ങൾക്കായി അത് നശിപ്പിക്കാൻ ആരെയും അനുവദിക്കില്ലെന്നും ജീവന്റെ അനുസ്യൂത പ്രവാഹം ഉറപ്പുവരുത്തലാണ് യഥാർത്ഥ വികസനമെന്നും ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഭൂമിയിലെ ഒരു ചെറുജീവിയുടെ പോലും വംശനാശം മനുഷ്യരാശിയുടെ തന്നെ വിനാശത്തിലേക്കുള്ള പാതയാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

പുഴകളുടെയും കാടുകളുടെയും വെള്ളച്ചാട്ടങ്ങളുടെയും അവകാശികൾ വരാനിരിക്കുന്ന തലമുറകൾകൂടിയാണെന്നും നാമത് അവർക്കായി കരുതിവെയ്ക്കുമെന്നും ദൃഢപ്രതിജ്ഞ ചെയ്യുന്നു.